**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1429** **08-12-2022 - ൽ മറുപടിയ്ക്ക്**

**ബേക്കൽ എയർ സ്ട്രിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബേക്കൽ എയർ സ്ട്രിപ്പ് പദ്ധതി പരിഗണനയിലുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട് |
| (ബി) | ഇതിനായി 2022-23 വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നടപ്പ സാമ്പത്തിക വർഷം 126 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | കിഫ്ബിയിൽ ഈ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ കിഫ്ബിയിൽ ഈ പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ഉഡാൻ പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ഡി) | ബേക്കൽ - കണ്ണൂർ റൂട്ട് ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ല. |
| (ഇ) | മേൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ഇ) | കാസർഗോഡ് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനായുള്ള ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായി കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (സിയാൽ), നിയമിച്ചിട്ടുണ്ട്. എയർസ്ട്രിപ്പ് പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ പെരിയയിൽ എയർസ്ട്രിപ്പിനായി കണ്ടെത്തിയ 80.41 ഏക്കർ സ്ഥലത്തിൽ സർക്കാരിന്റെ കൈവശമുള്ള ഭൂമി റവന്യൂ വകുപ്പിൽ നിന്ന് ടൂറിസം വകുപ്പിന് കൈമാറുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടുതലായി വേണ്ടിവരുന്ന സ്വകാര്യ ഭൂമി അക്വയർ ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കിഫ്ബിയുടെ ടെക്നിക്കൽ കൺസൾട്ടന്റ് നിർദ്ദിഷ്ട പെരിയ എയർ സ്ട്രിപ്പ് സ്ഥലം 28.10.2022-ന് പരിശോധിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ